


ചിത്രം 1: ഗൂഗിൾ ഡ്രൈവിന്റെ ആമുഖതാൾ URL: https://drive.google.com

ഹരീഷ് എൻ. നമ്പൂതിരി

# ഗൂഗിൾ ഡോക്സിനെ ഒരു സർവ്വേ ടൂളാക്കാം

കുറ്റമറ്റൊരു വെബ് അധിഷ്ഠിത സർവ്വേ ടൂൾ പ്രവർത്തന സജ്ജമാക്കുക അത്ര നിസാരമല്ല. പ്രത്യേകമൊരു ടൂൾ ഉണ്ടാക്കുക എന്നത് ഏറെ പണച്ചിലവുള്ള ഒരു കാര്യമാണ്. അതിനാൽ തന്നെ ഈ മാർഗം ഇന്നും ഗവേഷണങ്ങളിൽ അത്രകണ്ട് സ്വീകരിക്കപ്പെടാറില്ല. ഇവിടെയാണ് ഗൂഗിൾ ഡോക്സിലെ ഫോം എന്ന സാധ്യത ഗവേഷകർക്ക് ഒരു അനുഗ്രഹമായി തീരുന്നത്.

കമ്മ്യൂണിക്കേഷനുമായി ബന്ധപ്പെട്ട ഗവേഷണങ്ങളിൽ ഒഴിച്ചു കൂടുവാനാവാത്ത ഒരു പ്രക്രിയയാണ് സർവ്വേകൾ. ഓരോ ഗവേഷണങ്ങൾക്കും അനുയോജ്യമായ സർവ്വേകൾ നടത്തുകയും അവയുടെ ഫലം പരിശോധിക്കുകയും ഇത്തരം ഗവേഷണങ്ങളിൽ പ്രധാനമാണ്. ആളുകളെ നേരിട്ടു കണ്ട്, അവർക്ക് അച്ചടിച്ച ഒരു സർവ്വേ ഫോം വിതരണം ചെയ്ത്, പിന്നീടവയെല്ലാം പൂരിപ്പിച്ച് തിരിച്ചു മേടിച്ച് – ഈ രീതിയിലുള്ള സർവ്വേകളുടെ കാലം കഴിഞ്ഞിരിക്കുന്നു എന്നു തന്നെ പറയാം. സ്ഥല / സമയ പരിമിതികളും ഇത്തരം സർവ്വേകൾ അത്രകണ്ട് പ്രായോഗികമല്ലാതാക്കുന്നു. ഇത്തരം സർവ്വേകളിൽ പേപ്പറുകളുടെ ഉപയോഗം വളരെ കൂടുതലാണ് എന്നതിനാൽ തന്നെ ഇത് ഹരിതസൗഹൃദവുമല്ല. മാത്രവുമല്ല, സർവ്വേയിൽ ശേഖരിക്കപ്പെടുന്ന വിവരങ്ങൾ ക്രോഡീകരിച്ച് നിഗമനങ്ങളിലെത്തുവാൻ കൂടുതൽ സമയവും മാനുഷിക അധ്വാനവും ആവശ്യവുമുണ്ട്. ഇതിനെല്ലാം ഒരു പ്രതിവിധിയാണ് ഇന്റർനെറ്റിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തി നടത്തുവാൻ സാധിക്കുന്ന ഓൺലൈൻ സർവ്വേകൾ. എന്നാൽ, കുറ്റമറ്റൊരു വെബ് അധിഷ്ഠിത സർവ്വേ ടൂൾ പ്രവർത്തന സജ്ജമാക്കുക അത്ര നിസാരമല്ല. പ്രത്യേകമൊരു ടൂൾ ഉണ്ടാക്കുക എന്നത് ഏറെ പണച്ചിലവുള്ള ഒരു കാര്യമാണ്. അതിനാൽ തന്നെ ഈ മാർഗം ഇന്നും ഗവേഷണങ്ങളിൽ അത്രകണ്ട് സ്വീകരിക്കപ്പെടാറില്ല. ഇവിടെയാണ് ഗൂഗിൾ ഡോക്സിലെ ഫോം എന്ന സാധ്യത ഗവേഷകർക്ക് ഒരു അനുഗ്രഹമായി തീരുന്നത്.




ചിത്രം 2: CREATE - Form




ചിത്രം 3: എഡിറ്റ് ഫോം ജാലകം

## ഗൂഗിൾ ഡോക്സ് / ഡ്രൈവ്

ഗൂഗിളിന്റെ വെബ് അധിഷ്ഠിത ഓഫീസ് പാക്കേജാണ് ഗൂഗിൾ ഡോക്സ്. ഡോക്യുമെന്റുകൾ ഓൺലൈനായി സൂക്ഷിക്കുവാനും അവ പരിഷ്കരിക്കുവാനും ഉപയോക്താക്കൾക്ക് ഇതിൽ അവസരമുണ്ട്. ഒന്നിലധികം പേരുമായി ഒരു ഡോക്യുമെന്റ് പങ്കുവെയ്ക്കുവാനും അവർക്കൊരുമിച്ച് പ്രസ്തുത ഡോക്യുമെന്റ് പരിഷ്കരിക്കുവാനുള്ള സാധ്യതയും ഇതിലുണ്ട്. ഗൂഗിൾ ഡ്രൈവ് എന്ന സേവനത്തോട് അനുബന്ധമായാണ് ഇപ്പോൾ ഗൂഗിൾ ഡോക്സ് ലഭ്യമാവുന്നത്. ഫയലുകൾ സൂക്ഷിക്കുവാനും പങ്കുവെയ്ക്കുവാനും സഹായിക്കുന്ന ഒരു സേവനമാണ് ഗൂഗിൾ ഡ്രൈവ്. ഗൂഗിൾ ഡ്രൈവിലാണ് ഗൂഗിൾ ഡോക്സിൽ ഉണ്ടാക്കുന്ന ഡോക്യുമെന്റുകൾ സൂക്ഷിക്കുന്നതെന്ന് സാരം. ഗൂഗിൾ ഡോക്സ് ഉപയോഗിച്ചു തുടങ്ങുവാൻ അതിനാൽ തന്നെ ഗൂഗിൾ ഡ്രൈവ് വെബ്സൈറ്റ് സന്ദർശിക്കുക. വെബ് വിലാസം: https://drive.google.com/. മുകളിൽ വലതു വശമുള്ള Sign in ബട്ടണമർത്തി, നിങ്ങളുടെ ഗൂഗിൾ അക്കൗണ്ട് ഉപയോഗിച്ച് ലോഗിൻ ചെയ്യുക. ഒരു ഓൺലൈൻ സർവ്വേ ഫോമുണ്ടാക്കുവാനുള്ള ആദ്യ കടമ്പ നാം പിന്നിട്ടു കഴിഞ്ഞു.

## ഫോം നിർമ്മാണം

ഒരു ഗൂഗിൾ അക്കൗണ്ട് ഉപയോഗിച്ച് ഗൂഗിൾ ഡ്രൈവിൽ ലോഗിൻ ചെയ്തു കഴിഞ്ഞാൽ നാം My Drive എന്ന ഭാഗത്തെത്തുന്നു. പ്രസ്തുത അക്കൗണ്ട് ഉപയോഗിച്ച് നിർമ്മിച്ച / പങ്കുവെയ്ക്കുന്ന ഫയലുകളും ഫോൾഡറുകളുമാണ് ഇവിടെ ദൃശ്യമാവുക. ആദ്യമായാണ് പ്രസ്തുത അക്കൗണ്ട് ഉപയോഗിക്കുന്നതെങ്കിൽ ഇവിടെ ഒന്നും ഉണ്ടായിരിക്കുകയില്ല. നമുക്ക് ഒരു ഓൺലൈൻ സർവ്വേ ഫോം മാതൃക നിർമ്മിച്ചു തന്നെ ആരംഭിക്കാം. ഇടതുവശമുള്ള CREATE ബട്ടൺ അമർത്തി തുറന്നു വരുന്ന മെനുവിൽ നിന്നും Form എന്ന സാധ്യത തിരഞ്ഞെടുക്കുക. (ചിത്രം 2) തുടർന്ന് ലഭ്യമാവുന്ന 'Edit form' ജാലകത്തിൽ ഫോമിൽ ആവശ്യമുള്ള ഫീൽഡുകളും വിവരങ്ങളും ചേർക്കാവുന്നതാണ്. അത്തരത്തിലൊരു സർവ്വേയുടെ എഡിറ്റ്

ചിത്രം 4: ഗൂഗിൾ ഡോക്സ് ഉപയോഗിച്ചു നിർമ്മിച്ച മൂന്നു പേജുള്ള ഒരു സർവ്വേ ഫോം



ജാലകമാണ് ചിത്രം 3-ൽ കാണുന്നത്.

## ചോദ്യ വിഭാഗങ്ങൾ

ഒരു ഓൺലൈൻ സർവ്വേ നിർമ്മിക്കുവാൻ ആവശ്യമായ വിവിധ തരം ചോദ്യ വിഭാഗങ്ങളെ (query types) ഗൂഗിൾ ഡോക്സ് ലഭ്യമാക്കുന്നു. ടെക്സ്റ്റ്, പാരഗ്രാഫ് ടെക്സ്റ്റ്, മൾട്ടിപ്പിൾ ചോയിസ് (റേഡിയോ ബട്ടൺ), ചെക്ക് ബോക്സുകൾ, ലിസ്റ്റ് (കോംബോബോക്സ്), സ്കെയിൽ, ഗ്രിഡ് എന്നിവയാണ് നിലവിൽ ലഭ്യമായ ചോദ്യ വിഭാഗങ്ങൾ. നിർബന്ധമായും ഉത്തരം നൽകേണ്ട ചോദ്യമായോ അല്ലെങ്കിൽ ഒഴിവാക്കാവുന്ന ചോദ്യമായോ വേർതിരിച്ച് നൽകുവാനുള്ള സാധ്യതയും എല്ലാ തരം ഫീൽഡുകളിലും ലഭ്യമാണ്. ഇത്തരത്തിൽ വിവിധ തരം ചോദ്യങ്ങൾ ചെർത്ത് നിർമ്മിച്ച ഒരു ഓൺലൈൻ സർവ്വേ ഫോം മാതൃകയാണ് ചിത്രം 4-ൽ നൽകിയിരിക്കുന്നത്.

## പേജു തിരിക്കാം, ദിശ മാറ്റാം

വിവിധ ചോദ്യങ്ങൾ ചേർത്ത് ഒരു സർവ്വേ ഫോം നിർമ്മിക്കുമ്പോൾ ആവശ്യമെങ്കിൽ അവയെ വിഭാഗം തിരിക്കുവാനും പേജ് തിരിക്കുവാനുമുള്ള സാധ്യതയും ഗൂഗിൾ ഡോക്സിലുണ്ട്. അററ ശലോ മെനുവിൽ ലഭ്യമായ സെക്ഷൻ ഹെഡർ, പേജ് ബ്രേക്ക് എന്നീ ഘടകങ്ങൾ ഉപയോഗിച്ചാണ് ഇത് സാധ്യമാക്കുന്നത്. ആവശ്യമെങ്കിൽ ഒരു റേഡിയോ ബട്ട ഉപയോഗിച്ച് ഈ പേജുകളെ ഇഷ്ടമുള്ളൊരു ക്രമത്തിൽ ദൃശ്യമാക്കുവാനുള്ള പരിമിതമായ സാധ്യതയും ഇതിൽ ലഭ്യമാണ്. ചിത്രം 5-ൽ നൽകിയിരിക്കുന്ന ഉദാഹരണത്തിൽ; 'Do you use Social Networking sites?' എന്ന ചോദ്യത്തിന് ഉപയോക്താവ് Yes എന്നു നൽകിയാൽ അടുത്ത പേജിലേക്കും മറിച്ച് No എന്നു നൽകിയാൽ അവസാന പേജിലേക്കും, അതായത് Page 3 (Thank You!), അയാൾ നയിക്കപ്പെടും.

## ഇതര സാധ്യതകൾ

ഗൂഗിൾ ഡോക്സിൽ ലഭ്യമായ മറ്റു സാധ്യതകൾ എന്തൊക്കെയാണെന്നു നോക്കാം. ലഭ്യമായ വിവിധ തീമുകളിൽ ഒന്ന് തിരഞ്ഞെടുത്ത് ഫോമിന്റെ ദൃശ്യ സ്വഭാവം മാറ്റുവാൻ കഴിയും. ഫോം എഡിറ്റ് ജാലകത്തിൽ തന്നെ ഗൂഗിൾ പ്ലസ്സിലൂടെയോ അല്ലെങ്കിൽ ഇ-മെയിൽ മുഖേനയോ ഫോം സർവ്വേയ്ക്കായി പങ്കുവെയ്ക്കാം. സ്വന്തമായി വെബ് സൈറ്റ് ഉണ്ടെങ്കിൽ പ്രസ്തുത വെബ് സൈറ്റിലെ ഒരു പേജിൽ ഫോം ചേർക്കുവാനും കഴിയും. ഒരു വെബ്സൈറ്റിനെ അധികരിച്ചുള്ള സർവ്വേയോ മറ്റോ ആണെങ്കിൽ ഈ സാധ്യത കൂടുതൽ പ്രയോജനപ്പെടും. എഡിറ്റ് ജാലകത്തിനു ചുവട്ടിലായി പ്രസ്തുത ഫോമിന്റെ ഒരു ലിങ്ക് (URL) ലഭ്യമാവും. പ്രസ്തുത ലിങ്ക് ഇതര സോഷ്യൽ മീഡിയയിലും മറ്റും പങ്കുവെയ്ക്കാവുന്നതാണ്. എഡിറ്റ് ജാലകത്തിൽ ലഭ്യമായ More actions മെനുവിൽ നിന്നും (ചിത്രം 3 കാണുക) Edit confirmation എന്ന സാധ്യത തിരഞ്ഞെടുത്ത്, സർവ്വേ വിജയകരമായി പൂർത്തിയാക്കുന്ന ഒരാൾക്ക് ലഭിക്കുന്ന വിവരണം ചേർക്കാവുന്നതാണ്. (ചിത്രം 6) ആവശ്യമെങ്കിൽ അതുവരെയുള്ള സർവ്വേയുടെ ഫലം അവർക്ക് ദൃശ്യമാക്കുവാനും ഇവിടെ നിർദ്ദേശിക്കാവുന്നതാണ്.




ചിത്രം 5: ഉപയോക്താവ് നൽകുന്ന ഉത്തരത്തിനനുസരിച്ച് അടുത്ത പേജ് ദൃശ്യമാകുന്നു




ചിത്രം 6: കൺഫർമേഷൻ എഡിറ്റ് ജാലകം

## റെസ്പോൺസുകളുടെ വിശകലനം

ഫോം നിർമ്മാണം പൂർത്തിയായാൽ Save ബട്ടൺ അമർത്തി പ്രസ്തുത ഡോക്യുമെന്റിനെ ഗൂഗിൾ ഡോക്സിലേക്ക് ചേർക്കാവുന്നതാണ്. ഫോമിന് നാം നൽകിയ അതേ പേരിലുള്ള ഒരു സ്പ്രെഡ്ഷീറ്റ് ഉണ്ടാക്കി അതിന് അനുബന്ധമായാണ് ഫോം സൂക്ഷിക്കപ്പെടുക. ഈ ഫോമുപയോഗിച്ച് ശേഖരിക്കുന്ന വിവരങ്ങൾ സ്പ്രെഡ്ഷീറ്റിലേക്ക് ചേർക്കപ്പെടുകയും ചെയ്യുന്നു. ഈ സ്പ്രെഡ്ഷീറ്റിനെ രണ്ടു തരത്തിൽ നമുക്ക് തുറന്നു കാണാം - നോർമ്മൽ, ലിസ്റ്റ് എന്നിവയാണ് പ്രസ്തുത മോഡുകൾ. അവ തമ്മിലുള്ള വ്യത്യാസം ചിത്രം 7-ൽ നിന്നും മനസിലാക്കാം.

ചിത്രം 7: View മെനുവിൽ ലഭ്യമായ നോർമ്മൽ, ലിസ്റ്റ് മോഡുകൾ



| Timestamp | Name | Location | Gender | Do you use Social Networking sites? | What are the social networking sites that you use regularly? | What is primary use of social networking sites? |
|---|---|---|---|---|---|---|
| (All) | (All) | (All) | Female | (All) | Facebook | (All) |
| 9/12/2012 15:17:35 | Rani | Kariavattom, Trivand | Female | Yes | Facebook | Reading |
| 9/12/2012 15:37:23 | Karthika | Ambalammukku, Tri | Female | Yes | Facebook | Reading |
| 9/13/2012 10:34:45 | Priya | Trivandrum, Kerala | Female | Yes | Facebook | Updating |
| 9/13/2012 10:36:08 | Shani | Kerala | Female | Yes | Facebook | Photo S |

ചിത്രം 8: ലിസ്റ്റ് മോഡിൽ ഫേസ്ബുക്ക് മാത്രമുപയോഗിക്കുന്ന പെൺകുട്ടികളെ മാത്രമായി കാണിച്ചിരിക്കുന്നു

ഒരു സർവ്വേയെ സംബന്ധിച്ചിടത്തോളം, ലഭിച്ച പ്രതികരണങ്ങളെ വിശകലനം ചെയ്ത് അതിലെ കണ്ടെത്തലുകൾ അവതരിപ്പിക്കുക എന്നതാണ് ബുദ്ധിമുട്ടേറിയ ഒരു ജോലി. ഗൂഗിൾ ഡോക്സ് ഫോമുകളുപയോഗിച്ചുള്ള സർവ്വേകളിൽ ഇത് വളരെ എളുപ്പം സാധ്യമാണ്. പ്രതികരണങ്ങളിൽ ആവശ്യമില്ലാത്തവ ഒഴിവാക്കിയതിനു ശേഷം Form > Show summary of responses തിരഞ്ഞെടുത്ത് പ്രതികരണങ്ങളുടെ വിശകലനം, അതും ചിത്രരൂപത്തിൽ, കാണാവുന്നതാണ്. ഇവിടെ ഉദാഹരണമായി നൽകിയ സർവ്വേയിലെ രണ്ട് ചോദ്യങ്ങൾക്ക് ലഭിച്ച പ്രതികരണങ്ങളെ അടിസ്ഥാനമാക്കിയുള്ള ഗ്രാഫുകളാണ് ചിത്രം 9-ൽ കാണുന്നത്. ഗ്രാഫുകൾ നോക്കി ഒറ്റ നോട്ടത്തിൽ തന്നെ ഇവയുടെ ഫലം നമുക്ക് മനസിലാക്കുവാൻ കഴിയും. കൂടുതൽ പേരും ഫേസ്ബുക്കാണ് ഉപയോഗിക്കുന്നതെന്നും അധികമാളുകളും വായിക്കുവാനായാണ് സോഷ്യൽ നെറ്റ്‌വർക്കിംഗ് സൈറ്റുകളിലെത്തുന്നതെന്നുമാണ് ഗ്രാഫുകൾ സൂചിപ്പിക്കുന്നത്.

ചിത്രം 9: വിശകലനങ്ങൾ ഗ്രാഫുകളുടെ രൂപത്തിൽ നൽകുന്നത് എളുപ്പത്തിൽ ആശയം മനസ്സിലാക്കുവാൻ സഹായിക്കുന്നു.




View മെനുവിൽ നിന്നും ഇവയിൽ ആവശ്യമുള്ള മോഡ് തിരഞ്ഞെടുക്കാം.

ലിസ്റ്റ് മോഡിൽ, ചില കോളങ്ങളിലെ വിലകളെ അടിസ്ഥാനമാക്കി റോകളെ തിരഞ്ഞെടുത്ത് ദൃശ്യമാക്കുക സാധ്യമാണ്. ഉദാഹരണത്തിന് ഫേസ്ബുക്ക് മാത്രമുപയോഗിക്കുന്ന പെൺകുട്ടികളുടെ വിവരങ്ങളാണ് വേണ്ടതെങ്കിൽ Female, Facebook എന്നീ വിലകൾ നിർദ്ദിഷ്ട കോളങ്ങളിൽ നിന്നും തിരഞ്ഞെടുത്താൽ മതിയാവും. ചിത്രം 8 ശ്രദ്ധിക്കുക.

## പ്രതികരണങ്ങളുടെ വിശകലനം

ഒരു സർവ്വേയെ സംബന്ധിച്ചിടത്തോളം, ലഭിച്ച പ്രതികരണങ്ങളെ വിശകലനം ചെയ്ത് അതിലെ കണ്ടെത്തലുകൾ അവതരിപ്പിക്കുക എന്നതാണ് ബുദ്ധിമുട്ടേറിയ ഒരു ജോലി. ഗൂഗിൾ ഡോക്സ് ഫോമുകളുപയോഗിച്ചുള്ള സർവ്വേകളിൽ ഇത് വളരെ എളുപ്പം സാധ്യമാണ്. പ്രതികരണങ്ങളിൽ ആവശ്യമില്ലാത്തവ ഒഴിവാക്കിയതിനു ശേഷം Form > Show summary of responses തിരഞ്ഞെടുത്ത് പ്രതികരണങ്ങളുടെ വിശകലനം, അതും ചിത്രരൂപത്തിൽ, കാണാവുന്നതാണ്.

ഇവിടെ ഉദാഹരണമായി നൽകിയ സർവ്വേയിലെ രണ്ട് ചോദ്യങ്ങൾക്ക് ലഭിച്ച പ്രതികരണങ്ങളെ അടിസ്ഥാനമാക്കിയുള്ള ഗ്രാഫുകളാണ് ചിത്രം 9-ൽ കാണുന്നത്. ഗ്രാഫുകൾ നോക്കി ഒറ്റ നോട്ടത്തിൽ തന്നെ ഇവയുടെ ഫലം നമുക്ക് മനസിലാക്കുവാൻ കഴിയും. കൂടുതൽ പേരും ഫേസ്ബുക്കാണ് ഉപയോഗിക്കുന്നതെന്നും അധികമാളുകളും വായിക്കുവാനായാണ് സോഷ്യൽ നെറ്റ്‌വർക്കിംഗ് സൈറ്റുകളിലെത്തുന്നതെന്നുമാണ് ഗ്രാഫുകൾ സൂചിപ്പിക്കുന്നത്.

സർവ്വേ പൂർത്തിയായാൽ പ്രസ്തുത ഫോം നമുക്ക് Form > Accepting responses എന്നതിലൂടെ ഡിസേബിൾ ചെയ്യുകയോ Delete form ഉപയോഗിച്ച് ഒഴിവാക്കുകയോ ചെയ്യാം. ഫലപ്രദമായ ഒരു ഓൺലൈൻ സർവ്വേ ഉണ്ടാക്കുവാൻ പ്രാഥമികമായി വേണ്ട എല്ലാ ഘടകങ്ങളും ഗൂഗിൾ ഡോക്സിൽ അടങ്ങിയിരിക്കുന്നു എന്ന് നമുക്ക് കാണാം. അതേ സമയം തന്നെ, കൂടുതൽ കസ്റ്റമൈസേഷനുകൾക്കോ, ചിത്രങ്ങൾ / ഇന്ററാക്ടീവ് ഘടകങ്ങൾ എന്നിവ ചേർക്കുവാനോ, കൂടുതൽ സങ്കീർണമായ ഉപാധികളിലൂടെ നാവിഗേഷൻ നിയന്ത്രിക്കുവാനോ ഒന്നുമുള്ള സാധ്യതകൾ നിലവിൽ ഗൂഗിൾ ഡോക്സിൽ ലഭ്യവുമല്ല. അധികം വൈകാതെ തന്നെ പ്രസ്തുത സാധ്യതകൾ കൂടി ഉൾപ്പെടുന്ന ഗൂഗിൾ ഡോക്സ് പതിപ്പ് നിലവിൽ വരുമെന്ന് നമുക്ക് പ്രത്യാശിക്കാം. ◉

*ലേഖകൻ കേരള സർവ്വകലാശാലയിൽ ഗവേഷകനാണ്. ലേഖകന്റെ ഇ-മെയിൽ: newn.haree@gmail.com*